LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ലൈൻ ദീർഘിപ്പിക്കൽ ആവശ്യമില്ലാത്ത ഗാർഹിക വൈദ്യുതി കണക്ഷനുകൾ, ആയിരം വാട്ട്സ് കണകൂഡ് ലോഡുവരെ, എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കും അഞ്ഞൂറ് വാട്സ് കണകൂഡ് ലോഡ് വരെ ബി.പി.എൽ. അപേക്ഷകർക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

1000 വാട്സ് വരെ കണകൂഡ് ലോഡുള്ള എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ള വ്യക്തികൾക്കും 500 വാട്സ് വരെ കണകൂഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിലുള്ള വ്യക്തികൾക്കും (ലൈൻ നീട്ടൽ ആവശ്യമില്ലാത്ത) വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1-12-2014 വരെ അപേക്ഷിച്ച എല്ലാ ബി.പി.എൽ. അപേക്ഷകർക്കും പൂർണ്ണമായി സൗജന്യമായും പ്ലിന്ത് ഏരിയ 1000 സ്ക്വയർ ഫീറ്റിനുതാഴെയുള്ള എ.പി.എൽ. അപേക്ഷകർക്ക് വെതർ പ്രൂഫ് ഭാഗത്തിന്റെമാത്രം എസ്റ്റിമേറ്റ് തുക ഈടാക്കി ഓവർഹെഡ് ലൈൻ കണക്ഷനും സൗജന്യമായി നൽകിയിരുന്നു. കൂടാതെ, തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് 30-9-2015 വരെ തുടർന്നും കണക്ഷൻ നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

കൂടാതെ, ഈ 4 ജില്ലകളിൽ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി കഴിയുമ്പോഴും മറ്റ് 10 ജില്ലകളിൽ കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതിയായ ദീന ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY)-ൽപ്പെടുത്തിയും, ബി.പി.എൽ. അപേക്ഷകർക്ക് സൗജന്യമായി ഓവർഹെഡ് ലൈനും വെതർ പ്രൂഫും നിർമ്മിച്ച് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ

72 (417) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം പുതുതായി ഏർപ്പെടുത്തിയിട്ടുള്ള സേവന സൗകര്യങ്ങൾ വിശദമാക്കുമോ ;

(ബി) വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഏതെല്ലാം ഏജൻസികൾവഴിയാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവിധ സാങ്കേതികവിദ്യ പദ്ധതികൾമുഖേന ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനുമുള്ള സേവനം, കെ.എസ്.ഇ.ബി.എൽ. പുതുതായി ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവനസംവിധാനംവഴി നൽകിവരുന്നു. 68 സെക്ഷനുകളിൽ ഈ സംവിധാനം നിലവിൽവന്നു. മറ്റുസെക്ഷനുകളിൽ ഉടനെ നടപ്പിലാക്കുന്നതാണ്. 1912 അഥവാ 0471 2555544 എന്ന ടെലിഫോൺ നമ്പർവഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും. കൂടാതെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പരാതികൾ രേഖപ്പെടുത്തുന്നതിനും പ്രമുഖ ബാങ്കുകൾവഴി നെറ്റ് ബാങ്കിങ്ങിലൂടെയും വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേന ഇന്റർനെറ്റ്വഴിയും വൈദ്യുതിചാർജ്ജ് ഓൺ ലൈനായി അടയ്ക്കാനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുവേണ്ടി ടെക്ക് പ്രോസസ്, കാനറാബാങ്ക്/പെയു എന്നീ സ്ഥാപനങ്ങളാണ് നെറ്റ് ബാങ്കിംഗ് മുഖേനയും ക്രെഡിറ്റ്-ഡെബിറ്റ് കാർഡുകൾ വഴിയും വൈദ്യുതി ചാർജ്ജ് ഓൺ ലൈനായി അടയ്ക്കുന്നതിനുവേണ്ടിയുള്ള പേയ്മെന്റ് ഗേറ്റ് വേ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ സംവിധാനത്തിൽക്കൂടി സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാന ത്തിൽ സഹകരിക്കുന്നു. കൂടാതെ സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ഡയറക്ട് നെറ്റ് ബാങ്കിംഗ് വഴി ഓൺലൈനായി പണമടയ്ക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് സർവ്വീസ് ചാർജ്ജ് നൽകാതെ തന്നെ വൈദ്യുതി ബിൽ അടയ്ക്കാൻ കഴിയും. ഈ സംവിധാനം കൂടുതൽ ബാങ്കുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സംവിധാനം കൂടുതൽ വ്യാപിപ്പിച്ചുകൊണ്ട് ഇലക്ട്രോണിക് ക്ലിയറൻസ് സംവിധാനവും മൊബൈൽ ഫോൺവഴിയുള്ള ഓൺലൈൻ പേയ്മെന്റ് സംവിധാനവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സബ്സിഡി

73 (418) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സബ്സിഡി നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) വൈദ്യുതി സബ്സിഡി നൽകുന്ന പണം വൈദ്യുതി വകുപ്പിന് കൃഷി വകുപ്പ് നൽകുന്നുണ്ടോ ; ഇതിൽ എത്രമാത്രം കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കൃഷിയെയും അനുബന്ധ മേഖലകളെയും ഏത് നിരക്കിലാണ് വൈദ്യുതി വകുപ്പ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി ചാർജ്ജിൽ സബ്സിഡി അനുവദിച്ച വകയിൽ (31-3-2015 വരെ) കുടിശ്ശിക ഒന്നും തന്നെയില്ല.

(സി) കൃഷിക്കും അനുബന്ധ മേഖലകൾക്കുമുള്ള വൈദ്യുതി ചാർജ്ജ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബാലുശ്ശേരി കിനാലൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

74 (419) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയമസഭാ മണ്ഡലത്തിലെ കിനാലൂർ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ മൂന്നാം വാർഷികത്തിലും സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly